# IV. മാതൃകാ പ്രവർത്തനങ്ങൾ (കഴിഞ്ഞ നാല് വർഷം)

## 1. സംഘടന

**ദിശ ക്യാമ്പെയ്ൻ** : സിഡിഎസുകളെ സുസ്ഥിരമാക്കുകക ലക്ഷ്യമിട്ട് സംഘടിപ്പിച്ച ക്യാമ്പെയ്ന്റെ ഭാഗമായി 14 സിഡിഎസുകൾ സുസ്ഥിര സിഡിഎസ് ആയി മാറി.

**ഡിജിറ്റൽ അയൽക്കൂട്ടം :** 2,24,030 അയൽക്കൂട്ടങ്ങളെ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തു

**കുടുംബശ്രീ സ്കൂൾ** : കുടുംബശ്രീ അംഗങ്ങൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുന്ന പരിപാടി ആരംഭിച്ചു. 2,77,175 അയൽക്കൂട്ടങ്ങൾ കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി.

## 2. ജെൻഡർ

*** സ്നേഹിത കോളിങ് ബെൽ:**

സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരേയും മുതിർന്ന പൗരന്മാരേയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വ്യക്തികളേയും കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്ന സ്നേഹിത കോളിങ് ബെൽ പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി. 53,651 പിന്തുണ സ്വീകർത്താക്കളുടെ ആഹാരം, പാർപ്പിടം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസ ആവശ്യങ്ങൾ, പാലിയേറ്റീവ് കെയർ, സുരക്ഷ, മാനസിക പിന്തുണ തുടങ്ങിയ ആവശ്യങ്ങൾ കണ്ടെത്തി. ഇത് നിറവേറ്റി നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെസംയോജന പ്രവർത്തനങ്ങൾ നടത്തുന്നു.

*** അരക്ഷിതാവസ്ഥാ പഠനം** :

ഒരു പ്രദേശത്തെ പ്രധാന ക്ലേശഘടകങ്ങളെയും മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ രേഖപ്പെടുത്തുന്ന പഠന പ്രവർത്തനം മുഖേന ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇടപെടേണ്ട പ്രശ്നങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു. പ്രോജക്ടുകൾ തയാറാക്കി വികസന സെമിനാറിൽ അവതരിപ്പിച്ചു. 77 കോടി രൂപയിലേറെ തുകയുടെ പദ്ധതികൾക്ക് രണ്ട് ഘട്ടങ്ങളിലായി അംഗീകാരവും ലഭിച്ചു. കഴിഞ്ഞ നാല് വർഷത്തെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണിത്.

*** ഒറീസ്സയിൽ കുടുംബശ്രീ ജെൻഡർ മോഡൽ**:

ബിൽഗേറ്റ്സ് ആൻഡ് മെലിന്ദ ഫൗണ്ടേഷനും പ്രോജക്ട് കൺസേൺ ഇന്റർനാഷണലും സംയുക്തമായി ഒറീസ്സ സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ കീഴിൽ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ സഹകരണത്തോടെ കുടുംബശ്രീയുടെ ജെൻഡർ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന പദ്ധതി 2019 ജൂൺ മുതൽ ആരംഭിച്ചു. മൂന്ന് വർഷത്തേക്കുള്ള പദ്ധതി നടത്തിപ്പ് പ്രത്യേക പ്രാപ്തി വർദ്ധനവിനുള്ള പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്.

### 3. മൈക്രോ ഫിനാൻസ്

*** റീസർജന്റ് കേരള ലോൺ സ്കീം വഴി 1680 കോടി രൂപ :**

പ്രളയക്കെടുതിയിൽ ദുരിതം അനുഭവിച്ച അയൽക്കൂട്ട അംഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പ നൽകുന്ന റീസർജന്റ് കേരള ലോൺ സ്കീം വഴി 29,771 അയൽക്കൂട്ടങ്ങളിലെ 1,95,514 ഗുണഭോക്താക്കൾക്ക് ഇതുവരെ 1680 കോടി രൂപ വായ്പയായി നൽകി. ആദ്യഘട്ട പലിശ സബ്സിഡിയായി 131 കോടി രൂപയും സർക്കാർ നൽകി.

***മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി വഴി 32 ലക്ഷം അയൽക്കൂട്ടാംഗങ്ങൾക്ക് സഹായം:**

കോവിഡ് 19 മൂലം തൊഴിൽനഷ്ടവും സാമ്പത്തിക പ്രതിസന്ധിയും മറികടക്കാൻ പലിശരഹിത വായ്പയായി 2000 കോടി രൂപ അയൽക്കൂട്ടങ്ങൾ വഴി വിതരണം ചെയ്യുന്നതിന്റെ പ്രവർത്തനങ്ങൾ തുടരുന്നു. 2.4 ലക്ഷം അയൽക്കൂട്ടങ്ങളിലെ അംഗങ്ങളായ 32 ലക്ഷം വനിതകൾക്ക് ഇതിന്റെ സഹായം ലഭിക്കും.

*** മുറ്റത്തെ മുല്ല :**

കൊള്ളപ്പലിശക്കാരിൽ നിന്ന് സാധാരണക്കാരെ രക്ഷപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ സഹായത്തോടെ അയൽക്കൂട്ടങ്ങൾ വഴി 12 ശതമാനം പലിശയ്ക്ക് 25,000 രൂപ വരെ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2017-18 ൽ പാലക്കാടാണ് ഈ പ്രവർത്തനത്തിന് തുടക്കമിട്ടത്.

### 4. സൂക്ഷ്മ സംരംഭങ്ങൾ

***ഉപജീവന ക്യാമ്പെയ്നുകൾ:**

2016-17, 2019-20 വർഷങ്ങളിൽ ഉപജീവന ക്യാമ്പെയ്നുകൾ നടത്തി സംരംഭങ്ങൾ ആരംഭിക്കാൻ താത്പര്യമുള്ള അയൽക്കൂട്ട വനിതകളെ കണ്ടെത്തി, നൈപുണ്യ പരിശീലനം നൽകി സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. 5000 പുതിയ സംരംഭങ്ങളാണ് ഈ ക്യാമ്പെയ്നുകൾ വഴി ആരംഭിച്ചത്.

***ന്യൂട്രിമിക്സ് യൂണിറ്റ്ഗ്രേഡിങ്ങും തെറാപ്യൂട്ടിക് ഭക്ഷണ വിതരണവും:**

അംഗനവാടികളിലൂടെ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് നിർമ്മിക്കുന്നത് 241 കുടുംബശ്രീ യൂണിറ്റുകളാണ്. 1,680 വനിതകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി യുണി റ്റുകളിൽ ന്യൂട്രിമിക്സ് ഗ്രേഡിംഗ് നടപ്പിലാക്കുകയും അമൃതം ന്യൂട്രിമിക്സ് കൂടുതൽ പോഷക സമ്പുഷ്ടമാക്കുന്നതിനായി ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ നടപ്പാക്കുകയും ചെയ്തു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള തെറാപ്യൂട്ടിക് ഫുഡ് തെരഞ്ഞെടുത്ത അംഗനവാടികളിൽ കൂടി

വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

***ഇ-സേവാ കേന്ദ്രങ്ങൾ** :
46 റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ കുടുംബശ്രീ വനിതകൾ സംരംഭ മാതൃകയിൽ പ്രവർത്തിപ്പിക്കുന്ന ഇ- സേവാ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇതുവഴി 138 അയൽക്കൂട്ടാംഗങ്ങൾക്ക് വരുമാനമാർഗ്ഗവും ലഭിച്ചു.

*** ഹരിതകർമ്മസേന:**
ഹരിതകേരള മിഷനും ശുചിത്വ മിഷനും ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അജൈവ മാലിന്യ പരിപാലനത്തിനായി 28,859 കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി അവരെ പ്രവർത്തന സജ്ജരാക്കി. ഇവർക്ക് അധികവരുമാനം നേടിക്കൊടുക്കുന്നതിനായി ഹരിതസംരംഭങ്ങളും ആരംഭിച്ചു.

*** ഹർഷം വയോജന പരിപാലന പദ്ധതി** :
വയോജന പരിപാലനം മുൻനിർത്തി സ്വയം തൊഴിൽ സംരംഭ മാതൃകയിൽ നടപ്പാക്കുന്ന പദ്ധതിയാണ് ഹർഷം. വയോജന പരിപാലനത്തിൽ കുടുംബശ്രീ അംഗങ്ങൾക്ക് കേരള അക്കാദമി ഫോർ സ്കിൽസ് ആൻഡ് എക്സലൻസ് വഴി പരിശീലനം നൽകി തൊഴിൽ ലഭ്യതയ്ക്ക് പിന്തുണയേകുന്നു. 640 സേവനദാതാക്കളാണ് ഇപ്പോഴുള്ളത്.

***എറൈസ് മുഖേന 14,050 പേർക്ക് പരിശീലനം** :
പ്രളയം മൂലമുണ്ടായ തകർച്ചയിൽ നിന്ന് കേരളത്തെ കൈപിടിച്ചുയർത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന തുടക്കമിട്ട നൈപുണ്യ പരിശീലന പരിപാടിയാണ് എറൈസ് (ARISE- Acquiring Resilience and Identity through Sustainable Employment). പ്രളയത്തെത്തുടർന്ന് ഉപജീവന മാർഗ്ഗം നഷ്ടമായവർക്ക് ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗത്തിൽ നൈപുണ്യ പരിശീലനം നൽകുന്നു. 3575 പേർക്ക് തൊഴിൽ ലഭിച്ചു. 1434 പേർ 273 സംരംഭങ്ങൾ ആരംഭിച്ചു. പ്ലംബിങ്, ഇലക്ട്രിക്കൽ മേഖലകളിൽ പരിശീലനം നേടിയവരെ ചേർത്ത് 216 മൾട്ടി ടാസ്ക് ടീം രൂപീകരിച്ചു. ഇതിൽ 713 പേർ അംഗങ്ങളാണ്.

*** അഞ്ച് ആധുനിക ചകിരി മില്ലുകൾ** :
കയർ മേഖലയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കയർ വകുപ്പുമായി സംയോജിച്ച് അഞ്ച് ആധുനിക ചകിരി മില്ലുകൾ സ്ഥാപിച്ചു. കണ്ണൂർ ജില്ലയിൽ രണ്ടും തൃശ്ശൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ ഓരോന്ന് വീതവും. ആറ് കുടുംബശ്രീ വനിതകളാണ് ഒരു മില്ല് പ്രവർത്തിപ്പിക്കുന്നത്. ഓരോ യൂണിറ്റിനും പ്രാരംഭ ചെലവിനായി 50,000 രൂപ വരെ റിവോൾവിങ് ഫണ്ട് കുടുംബശ്രീ ലഭ്യമാക്കുന്നു.

*** 287 വനിതാ കെട്ടിട നിർമ്മാണ സംഘങ്ങൾ** :
സംസ്ഥാനമൊട്ടാകെ 287 വനിതാ നിർമ്മാണ സംഘങ്ങൾ രൂപീകരിച്ച് അതു വഴി 2275 കുടുംബശ്രീ വനിതകൾക്ക് നിർമ്മാണ മേഖലയിൽ നിന്ന് ഉപജീവന മാർഗ്ഗം കണ്ടെത്താൻ അവസരം നൽകി. സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെടെ 335 വീടുകളു

ടെ നിർമ്മാണം ഈ ഗ്രൂപ്പുകൾ പൂർത്തീകരിച്ചു. 2018ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് രാമോജി ഫിലിം സിറ്റിയുടെ 7 കോടി രൂപയുടെ സിഎസ്ആർ ഫ ണ്ട് ഉപയോഗിച്ച് 121 വീടുകൾ 43 കെട്ടിട നിർമ്മാണ ഗ്രൂപ്പുകൾ മുഖേന നിർമ്മിച്ച് നൽകി.

*** മറ്റ് പ്രധാന നേട്ടങ്ങൾ** :
വിവാഹക്കമ്പോളത്തിലെ ചൂഷണങ്ങൾ തടയുന്നതിനായി പത്ത് ജില്ലകളിൽ കുടും ബശ്രീ മാട്രിമോണി, എല്ലാ സംരംഭ യൂണിറ്റുകൾക്കും ഓഡിറ്റിങ് സഹായം ലഭ്യമാ ക്കുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ ഓഡിറ്റിങ് ടീമുകളുടെ രൂപീകരണം, പ്രവർ ത്തന മാന്ദ്യം സംഭവിച്ചതോ നേരിടുന്നതോ ആയ യൂണിറ്റുകളെ പുനരുജ്ജീവിപ്പി ക്കുന്നതിനായി സിക്ക് എംഇ റിവൈവൽ ഫണ്ട് രൂപീകരിച്ചു. 142 യൂണിറ്റുകൾക്ക് ജില്ലാതലത്തിൽ ധനസഹായ വിതരണം നടത്തിവരുന്നു. ജീവിതശൈലി രോഗ നിർണ്ണയം നടത്തുന്നതിന് 547 വനിതകളെ പരിശീലിപ്പിച്ചു നിയോഗിച്ചു.

## 5. മാർക്കറ്റിങ്

***സ്ഥിര വിപണന കേന്ദ്രങ്ങൾ** :
കുടുംബശ്രീ ബസാർ എന്ന പേരിൽ സൂപ്പർ മാർക്കറ്റുകൾ, നാനോമാർക്കറ്റുകൾ, കി യോസ്കുകൾ എന്നിവ സ്ഥാപിച്ച് വിപണനം നടത്തുന്നു. പത്തനംതിട്ട, വയനാട്, എറണാകുളം ജില്ലകളിൽ കുടുംബശ്രീ ബസാർ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന ത്തുടനീളം 659 നാനോ മാർക്കറ്റുകളും 39 കിയോസ്കുകളും പ്രവർത്തനം നടത്തിവ രുന്നു.

***ഓൺലൈനിലൂടെ വിപണനം :**
കുടുംബശ്രീയുടെ സ്വന്തം ഓൺലൈൻ പോർട്ടൽ ആരംഭിച്ചും പ്രമുഖ ഇ-കൊമേഴ് സ് വെബ്സൈറ്റായ ആമസോൺ മുഖേന ഉത്പന്നങ്ങൾ ലഭ്യമാക്കിയും കുടുംബശ്രീ ഉത്പന്നങ്ങൾ വിപണനം നടത്തുന്നു. കുടുംബശ്രീ പോർട്ടലിൽ 937 ഉത്പന്നങ്ങളും ആമസോൺ പോർട്ടലിൽ 336 ഉത്പന്നങ്ങളും വിപണനത്തിനായി ലഭ്യമാക്കി. രണ്ട് ലക്ഷത്തോളം രൂപയുടെ വിറ്റുവരവ് ഇത് മുഖേന നടന്നു.

## 6. സാമൂഹ്യവികസനം

***ജാഗ്രതോത്സവം ക്യാമ്പെയ്ൻ** :
2018ൽ ഹരിതകേരളം മിഷനുമായി ചേർന്ന് ബാലസഭാ കുട്ടികൾ മുഖേന വാർഡ് ത ലത്തിൽ സംഘടിപ്പിച്ച പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളാണ് ജാഗ്രതോത്സ വം ക്യാമ്പെയ്ൻ. 16572 വാർഡുകളിൽ ക്യാമ്പെയ്ൻ നടത്തി.

***ബാലകൃഷിയും ബാലലൈബ്രറിയും** :
കുട്ടികളിൽ കാർഷിക ശീലം വളർത്തുക, നല്ലഭക്ഷണം, പരിസര ശുചിത്വം എന്നിവ യുടെ ആവശ്യകത മനസ്സിലാക്കുക എന്നീ ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന പദ്ധതി

യാണ് ബാലകൃഷി. 2287 ബാലകൃഷി സംഘങ്ങൾ ഇതുവരെ രൂപീകരിച്ചു കഴിഞ്ഞു. 25898 കുട്ടികൾ ഇതിൽ അംഗങ്ങളാണ്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി കുടുംബശ്രീ സിഡിഎസുകളിൽ ബാലലൈബ്രറികൾ ഒരുക്കിയിരിക്കുന്നു. നിലവിൽ 564 സിഡിഎസുകളിൽ ബാല ലൈബ്രറികളുണ്ട്.

***ബഡ്സ് കലോൽസവം**

ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസത്തിനും കലാപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ബഡ്സ് കലോത്സവങ്ങൾ ആരംഭിച്ചു.

***ജൈവ പച്ചക്കറി കൃഷി ബഡ്സ് സ്ഥാപനങ്ങളിൽ**

എല്ലാ ബഡ്സ് സ്ഥാപനങ്ങളിലും സഞ്ജീവനി അഗ്രി തെറാപ്പി എന്ന പേരിൽ പച്ചക്കറി കൃഷി ആരംഭിച്ചു.

**7. കാർഷിക വിഭാഗം**

*** പൊലിവ്:**
സംസ്ഥാനത്ത് വിഷമുക്തമായ പഴങ്ങളും പച്ചക്കറികളും ലഭ്യമാക്കാൻ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് നടത്തുന്ന പൊലിവ് പദ്ധതി 2016 മുതൽ പ്രാവർത്തികമാക്കി. 152000 സംഘങ്ങൾ ചുരുങ്ങിയത് 3 സെന്റിൽ കൃഷി ചെയ്തു.

***ഭക്ഷ്യസുരക്ഷാ ഭവനം** :
എല്ലാ അയൽക്കൂട്ടങ്ങളും അംഗങ്ങൾക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുന്നും ജനങ്ങൾക്ക് കൃഷിയുടെ പ്രധാന്യം മനസ്സിലാക്കി നൽകുന്നതിനും നടപ്പിലാക്കിയ പദ്ധതിയാണ് ഭക്ഷ്യസുരക്ഷാ ഭവനം. 8.05 ലക്ഷം അയൽക്കൂട്ടാംഗങ്ങൾക്ക് കൃഷിയിൽ പരിശീലനം നൽകുകയും വിത്തുകൾ ലഭ്യമാക്കുകയും ചെയ്തു.

***ജൈവികപ്ലാന്റ് നേഴ്സറികൾ :**
ഗുണമേന്മയുള്ള സസ്യതൈകൾ മിതമായ നിരക്കിൽ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി ജൈവിക എന്ന പേരിൽ സംസ്ഥാനത്തുടനീളം പ്ലാന്റ് നേഴ്സറികൾ സ്ഥാപിച്ചുവരുന്നു. 426 നേഴ്സറികളാണ് ഇപ്പോൾ പ്രവർത്തനും തുടങ്ങിയിട്ടുള്ളത്. 426 കൃഷിസംഘങ്ങളിലെ 1278 അംഗങ്ങൾ ഇങ്ങനെ സംരംഭകരായി മാറി.

***ബയോ ഫാർമസി:** ഗുണനിലവാരമുള്ളതും മിതമായ വിലയുള്ളതുമായ ജൈവ വളം ലഭിക്കാൻ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ 124 ബയോ ഫാർമസികൾ പ്രവർത്തനം ആരംഭിച്ചു. 350 അംഗങ്ങൾ ഇതിന്റെ ഭാഗമാണ്. ഇങ്ങനെ വ്യക്തി-ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ അവസരമൊരുക്കിയിരിക്കുന്നു.

***നാട്ടുചന്തകൾ** :നാട്ടുചന്തകളിലൂടെ 14 കോടി രൂപയുടെ കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കഴിഞ്ഞു.

**8. മൃഗസംരക്ഷണം**

*** പാൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ മിൽക്കി ലാറ്റെ ബ്രാൻഡിൽ വിപണിയിൽ** :
കുടുംബശ്രീയ്ക്ക് കീഴിലുള്ള ക്ഷീരകർഷകർക്ക് തുണയാകാൻ പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ മിൽക്കി ലാറ്റെ എന്ന പേരിൽ ബ്രാൻഡ് ചെയ്തു വിപണിയിലെത്തിച്ചു. ഇത്തരത്തിൽ 21 യൂണിറ്റുകൾ ഇതുവരെ ആരംഭിച്ചു കഴിഞ്ഞു.

**9. ട്രൈബൽ**

*** അട്ടപ്പാടി പത്യേക പദ്ധതി മാതൃക ആറ് ജില്ലകളിലേക്ക് വ്യാപിപ്പിച്ചു** :
അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ നടത്തിവരുന്ന പ്രത്യേക സമഗ്ര വികസന പദ്ധതി മാതൃക വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ ആറളം ഫാം, മലപ്പുറം ജില്ലയിലെ നിലമ്പൂർ പ്രദേശം എന്നീ മേഖലകളിൽ നടത്തിവരുന്നു. പത്തനംതിട്ട ജില്ലയിലെ മലമ്പണ്ടാരം, കാസർകോട് ജില്ലയിലെ കൊറഗ, തൃശ്ശൂർ ജില്ലയിലെ കാടർ വിഭാഗങ്ങളെയും ഉൾപ്പെടുത്തി ഇതേ രീതിയൽ പ്രത്യേക ഇടപെടൽ നടത്തുന്നു. 529 പുതിയ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ ആരംഭിച്ച് 8476 കുടുംബങ്ങളെ ഉൾപ്പെടുത്തി.

***തൊഴിലുറപ്പ് പദ്ധതി മുൻകൂർ വേതനം 11,598 കുടുംബങ്ങൾക്ക്**:
പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായ 11.12 കോടി രൂപ ഉപയോഗിച്ച് വയനാട് ജില്ലയിലെയും അട്ടപ്പാടി, കണ്ണൂർ ജില്ലയിലെ ആറളം ഫാം എന്നിവിടങ്ങളിലെയും തൊഴിലുറപ്പ് പദ്ധതി വഴി തൊഴിലെടുക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ച്ചയിലൊരിക്കൽ വേതനം നൽകുന്ന പ്രവർത്തനം ആരംഭിച്ചു. 11,598 കുടുംബങ്ങൾക്ക് 8 കോടി രൂപയോളം ഇങ്ങനെ നൽകി.

***പി.കെ. കാളൻ കുടുംബ സഹായ പദ്ധതി** :
ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നിയോജക മണ്ഡലത്തിലെയും പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമ പഞ്ചായത്തിലെയും ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ മൈക്രോ പ്ലാൻ തയാറാക്കി പട്ടികവർഗ്ഗ വികസന വകുപ്പിന് സമർപ്പിച്ച് അംഗീകാരം നേടി. ഇത് പ്രകാരം അനുമതി ലഭിച്ച വീട് നിർമ്മാണം, വീട് പുതുക്കൽ, തൊഴിൽ പരിശീലനം, ഉപജീവന പ്രവർത്തനം, ശുചിത്വം, കുടിവെള്ളം, കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ, ആരോഗ്യ ഇടപെടലുകൾ എന്നിവ നടത്തിവരുന്നു. ആലപ്പുഴയിൽ 149 കുടുംബങ്ങൾക്കായി പ്ലാനുകൾ തയാറാക്കി. 72 വീടുകളുടെ അറ്റകുറ്റപ്പണികൾ, 11 പുതിയ വീടുകളുടെ നിർമ്മാണം, 28 പുതിയ കക്കൂസുകളുടെ നിർമ്മാണം, 33 കക്കൂസുകളുടെ അറ്റകുറ്റപ്പണികൾ എന്നിവ നടത്തി. 54 വനിതകളെ ഉൾപ്പെടുത്തി കയർ ഉത്പന്ന നിർമ്മാണത്തിന് സൊസൈറ്റി രൂപീകരിച്ചു. 300 രൂപ നിരക്കിൽ ഇവർക്ക് വേതനം ലഭിക്കുന്നു. മലമ്പുഴയിൽ 74 കുടുംബങ്ങളുടെ പ്ലാനുകൾ തയാറാക്കി. 16 പേരെ ഉൾപ്പെടുത്തി ബാഗ് നിർമ്മാണത്തിന് അപ്പാരൽ പാർക്ക് ആരംഭിച്ചു.

**10. ഡിഡിയുജികെവൈ (ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)**

***നാല് മൈഗ്രേഷൻ സപ്പോർട്ട് സെന്ററുകൾ :**

ഗ്രാമ പ്രദേശങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് എത്തുന്ന പരിശീലനാർത്ഥികൾക്ക് തുണയാകുന്നതിനായി സ്ഥാപിച്ച കേന്ദ്രങ്ങളാണ് മൈഗ്രേഷൻ സപ്പോർട്ട് സെന്ററുകൾ. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലാണ് ഈ കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്.

***സൂക്ഷ്മ സംരംഭങ്ങളുമായി സംയോജനം :**
കുടുംബശ്രീയിലെ സൂക്ഷ്മ സംരംഭങ്ങളുമായി സംയോജിച്ച് അവർക്ക് വരുമാനം നേടുന്നതിന് തുണയാകുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നു. പരിശീലനാർത്ഥികൾക്കുള്ള യൂണിഫോം തയ്ച്ച് നൽകുന്നതിനും പരിശീലന കേന്ദ്രങ്ങളിലെ ക്യാന്റീനുകൾ നടത്തുന്നതിനുമാണ് പ്രധാനമായും ഈ സംയോജനങ്ങൾ നടത്തുന്നത്. 52 തയ്യൽ യൂണിറ്റുകളുമായാണ് ഇത്തരത്തിൽ സംയോജനം നടത്തിയിരിക്കുന്നത്. 47 സംരംഭ യൂണിറ്റുകൾ പരിശീലന കേന്ദ്രങ്ങളിൽ ക്യാന്റീനുകളും നടത്തുന്നു.

## 11. ദേശീയ നഗര ഉപജീവന ദൗത്യം (എൻയുഎൽഎം)

*** 17 അഭയകേന്ദ്രങ്ങൾ :**
തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലും അന്തിയുറങ്ങുന്നവരെ സർവ്വേ മുഖേന കണ്ടെത്തി നഗരപ്രദേശങ്ങളില തദ്ദേശ സ്ഥാപനങ്ങളിൽ 17 സുസ്ഥിര അഭയകേന്ദ്രങ്ങൾ ആരംഭിച്ചു. തദ്ദേശ സ്ഥാപനങ്ങൽ തങ്ങളുടെ പരിധിയിലുള്ള സ്ഥലത്ത് അഭയകേന്ദ്രം പണിയാനുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നു. വിശദമായ പദ്ധതിരേഖ തദ്ദേശ സ്ഥാപനങ്ങൾ തയാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് ഭരണാനുമതി നൽകുന്നു. തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കുന്നു. സുരക്ഷിതത്വവും ശുചിത്വ സൗകര്യങ്ങളും ശുദ്ധജല ലഭ്യതയും ഇവിടെ ഉറപ്പാണ്. 24 മണിക്കൂറും ഈ അഭയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. തൊഴിൽ ചെയ്ത് ഉപജീവനം തേടുന്നവർക്ക് ഏത് സമയത്തും ജോലിക്കായി പോകുന്നതിനും തിരികെ വരുന്നതിനും കഴിയുന്നു.

*** ഏഴ് നഗര ഉപജീവന കേന്ദ്രങ്ങൾ** :
നഗരത്തിലെ പാവപ്പെട്ടവരായ കുടുംബശ്രീ അംഗങ്ങളുടെ ഉപജീവന ശ്രമങ്ങൾക്ക് സ്ഥിരമായ പിന്തുണ നൽകുകയും അതുവഴി അവരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്നതിനുമുള്ള സംവിധാനമാണ് നഗര ഉപജീവന കേന്ദ്രങ്ങൾ (സിറ്റി ലൈവ്ലിഹുഡ് സെന്ററുകൾ). നഗരവാസികളായ സംരംഭകരുടെ ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ലഭ്യതയും അവയുടെ ആവശ്യകതയും തമ്മിലുള്ള വിടവ് നികത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ കേന്ദ്രങ്ങൾ മുഖേന ചെയ്യുന്നത്. സംരംഭകർക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ഒരുമിച്ച് വാങ്ങി സൂക്ഷിച്ച് ഈ കേന്ദ്രങ്ങൾ വഴി മിതമായ വിലയ്ക്ക് അവരിലേക്ക് എത്തിച്ച് നൽകുന്നു, സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാനുള്ള പരിശീലനം തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനൊപ്പം നഗരങ്ങളിൽ അധിവസിക്കുന്ന തൊഴിൽ തേടുന്നവർക്കും വിവിധ സേവനങ്ങൾ തേടുന്ന നഗരവാസികൾക്കും ആശ്രയിക്കാനാകുന്ന തൊഴിൽ നിയമന കേന്ദ്രമായും ഈ ഉപജീവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതുവരെ ഏഴ് നഗര ഉപജീവന കേന്ദ്രങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. ഏഴ് ഉപജീവന കേന്ദ്രങ്ങൾ കൂടി

ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

*** 11,934 തെരുവുകച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് :**
സർവ്വേ മുഖേന കേരളത്തിലെ നഗരങ്ങളിലെ 22017 തെരുവുകച്ചവടക്കാരെ കണ്ടെത്തി. അവരിൽ 11,934 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. തെരുവുകച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക വെൻഡിങ് മാർക്കറ്റ് നോർത്ത് പറവൂർ നഗരസഭയിൽ ആരംഭിച്ചു. 140 തെരുവുകച്ചവടക്കാർക്ക് വെൻഡിങ് ലൈസൻസും നൽകി.

**12. പിഎംഎവൈ (നഗരം) -ലൈഫ്**

***അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജനം :**
അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കൊണ്ട്പിഎംഎവൈ (നഗരം)- ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് 90 തൊഴിൽ ദിനങ്ങൾ അനുവദിച്ച് നൽകുന്നു. ഇതിലൂടെ അധിക സാമ്പത്തിക സഹായമായി ഒരു ഗുണഭോക്താവിന് 24,390 രൂപ ലഭ്യമാക്കുന്നു. നാളിതുവരെ 67,482 ഗുണഭോക്താക്കൾക്ക് തൊഴിൽ കാർഡ് നൽകുന്നതിനും 16,87,585 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. 35.47 കോടി രൂപയുടെ ആനുകൂല്യം പിഎംഎവൈ-ലൈഫ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി.

*** സുരക്ഷിത ഭവനത്തോടൊപ്പം മികച്ച ജീവിത നിലവാരവും :**
സുരക്ഷിതവും വാസയോഗ്യവുമായ വീട് സ്വന്തമാകുന്നതിലൂടെ കുടുംബത്തിന് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ, സമൂഹത്തിൽ കൂടുതൽ സ്വീകാര്യത എന്നിവ കൈവരുന്നു. അടച്ചുറപ്പുള്ള വീടിനോടൊപ്പം ഗുണഭോക്തൃ കുടുംബങ്ങളുടെ ജീവിത ത്തിൽ കാതലായ മാറ്റമുണ്ടാകുന്നതിന് പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതിയി ലുൾപ്പെടുത്തി സവിശേഷമായ ഇടപെടലുകളാണ് നടത്തിവരുന്നത്. പെൻഷനുകൾ ഉൾപ്പെടെയുള്ള വിവിധ സാമൂഹ്യസുരക്ഷാപദ്ധതികളുടെ ആനുകൂല്യം ഉറപ്പാക്കുക, സംയോജനത്തിലൂടെ വിവിധ കേന്ദ്ര-സംസ്ഥാന-നഗരസഭാ പദ്ധതികളുടെ ആനുകൂ ല്യം പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, ആരോഗ്യം, ശുചിത്വം, ഊർജ്ജ സംരക്ഷണം, ജലസംരക്ഷണം, മാലിന്യ സംസ്ക്കരണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണത്തിലൂടെ ഫലപ്രദമായ പെരുമാറ്റ വ്യതിയാനം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ പ്രത്യേക ക്യാമ്പെയ്നും സാമൂഹിക വികസന പദ്ധതികളും നടപ്പാക്കിവരുന്നു.

*** ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിൽ അവസരങ്ങളും :**
ഗുണഭോക്തൃ കുടുംബങ്ങളിൽ തൊഴിൽ പരിശീലനം ആവശ്യമുള്ള വ്യക്തികളെ കണ്ടെത്തുകയും അവർക്ക് ദേശീയ നഗര ഉപജീവന ദൗത്യത്തിൽ (എൻയുഎൽഎം) ഉൾപ്പെടുത്തി തൊഴിൽ പരിശീലനം നൽകി മെച്ചപ്പെട്ട തൊഴിലും വരുമാനവും ലഭ്യമാക്കുന്നു. തൊഴിൽ പരിശീലനം ആവശ്യമുള്ള 17,700 ഗുണഭോക്താക്കളുടെ ഡാറ്റാബേസ് ഗൃഹസന്ദർശനത്തിലൂടെ തയ്യാറാക്കി. ഇതിൽ 1708

ഗുണഭോക്താക്കൾക്ക് എൻയുഎൽഎം പദ്ധതിയെക്കുറിച്ച് അവബോധം നൽകി. 655 പേർക്ക് തൊഴിൽ പരിശീലനം നൽകി. ഇതിൽ 148 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭിച്ചു. ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾക്ക് തൊഴിൽ പരിശീലനങ്ങളെക്കുറിച്ചും സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ചും അവബോധം നൽകുന്നതിന് നഗരസഭാതലത്തിലും ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നു.

*** ഹരിതഭവനം**

വീടും പരിസരവും വൃത്തിയായും ശുചിയായും പരിപാലിക്കൽ, ഊർജ്ജ സംരക്ഷണം, ജല ഉപയോഗം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കൽ തുടങ്ങിയ ലക്ഷ്യങ്ങളോടെ ഹരിതഭവനം എന്ന പേരിൽ പിഎംഎവൈ ഗുണഭോക്തൃ കുടുംബങ്ങൾക്കായി ക്യാമ്പെയ്ൻ സംഘടിപ്പിച്ചു. വീടിനകവും പുറവും വൃത്തി യായി സൂക്ഷിക്കൽ, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം, ഊർജ്ജ ഉപ യോഗം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സിഡിഎസ് തലത്തിൽ ഹരിതഭവനങ്ങളെ തെരഞ്ഞെടുത്ത് 10,000 രൂപയുടെ പുരസ്ക്കാരം വീതം നൽകിയത്. മികച്ച ഭവനത്തെ കണ്ടെത്തുന്നതിനായി നഗരസഭാ ചെയർപേഴ്സൺ അദ്ധ്യക്ഷനായും നഗരസഭാ സെക്രട്ടറി കൺവീനറായും രൂപീകരിച്ച ജൂറി ഭവന സന്ദർശനം നടത്തിയാണ് വിജയികളെ കണ്ടെത്തിയത്. ഓരോ ഹരിതഭവനവും പ്രാദേശികമായി ഗൃഹപരിപാലത്തിന്റേയും, ഊർജ്ജ സംരക്ഷണത്തിന്റേയും പരിസ്ഥിതി സൗഹൃദത്തിന്റേയും മികച്ച മാതൃകകളാണ്. പരിമിതമായ സ്ഥലത്ത് അടുക്കളത്തോട്ടങ്ങളും പൂന്തോട്ടങ്ങളും പരിപാലിച്ചു വരുന്നു. ഇത്തരത്തിൽ 124 അനുകരണീയ മാതൃകകൾ സൃഷ്ടിക്കാൻ സാധിച്ചു.

ഇതോടൊപ്പം ഭവന സാക്ഷരതയെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി സംവാദം, പോസ്റ്റർ രചന, ക്വിസ്സ് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. ശുചിത്വ ഭവനം, സുന്ദര ഭവനം എന്റെ സ്വപ്നത്തിലെ ഭവനം, വീടും ചുറ്റുപ്പാടും, സുസ്ഥിര നഗരം എന്നിങ്ങനെ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്.